## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5147

15.11.2019 ൽ മറുപടിയ്ക്ക്

### പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | ശ്രീ. എ.സി. മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ വിഭജനത്തിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) & (ബി) | പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു.<br><br>പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനായി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 27,430 ൽ അധികം ജനസംഖ്യ<br>2. 32 ച.കി. മീറ്ററിലധികം വിസ്തീർണ്ണം<br>3. 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം<br>4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു |
| (ബി) | ഗ്രാമപഞ്ചായത്തുകളുടെ വിഭജനവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.<br>5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം.<br>6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ, രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ, വലുപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത.<br>7. ഭരണപരമായ സൗകര്യം.<br><br>പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടിക സർക്കാർ പരിശോധിക്കുകയും ചുവടെ പറയുന്ന കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് വലിയ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകും. അത്രയും ബാധ്യത സർക്കാരിന് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയില്ല. |

| | | | |
|---|---|---|---|
| | | | 2. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിന് ഒരു വർഷം പോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.<br><br>3. 2021 ലെ സെൻസസിന്റെ ആവശ്യത്തിലേക്ക് 31.12.2019 ാം തീയതി ഭരണപ്രദേശ ങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുമെന്ന് സെൻസസ് വിഭാഗം അറിയിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന സമയത്തിനുള്ളിൽ പഞ്ചായത്ത് വിഭജനം പ്രായോഗികമല്ല. |
| (സി) | ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് പരാതികളും ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ടോ; | (സി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഭജനം, അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ആയവ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | (എ), (ബി) പിരിവുകളിലെ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ